(ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ.) വീരശൈവരെ ഒ. ഇ. സി വിഭാഗത്തിൽ ഉൾപ്പെടുത്തിയിരുന്നതായി കാണുന്നില്ല.

(എഫ്) ബാധകമല്ല.

(ജി) ചെയ്തിരുന്നു.

(എച്ച്) ലഭിച്ചിരുന്നു. അതിന്മേൽ കിർത്താഡ്സിന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്.

(ഐ) ഇപ്പോൾ പരിഗണനയിലില്ല.

പെൻഷൻ പ്രായം

17 (3205) ശ്രീ. ജോണി നെല്ലൂർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെൻഷൻ പ്രായം 55-ൽ നിന്നും 58 ആയി ഉയർത്തുന്നതു സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വിശദമാക്കാമോ ;

(ബി) സംസ്ഥാന ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിച്ചിട്ടുള്ള ഏതെങ്കിലും പൊതുമേഖലാ, സ്വയംഭരണം, എയിഡഡ് സ്ഥാപനങ്ങളിൽ പെൻഷൻ പ്രായം സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർദ്ധിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങൾ ;

(സി) ഇതിനു മന്ത്രിസഭയുടെയോ സർക്കാരിന്റെയോ അംഗീകാരം ഉണ്ടായിരുന്നോ ; ഇല്ലെങ്കിൽ അംഗീകാരം തേടാതിരിക്കുവാനുള്ള കാരണം വിശദീകരിക്കാമോ ;

(ഡി) സർക്കാരിന്റെ പ്രഖ്യാപിത നിലപാടിൽ നിന്നും വ്യതിചലിച്ചുകൊണ്ടുള്ള നടപടിക്കെതിരെ ഏതെങ്കിലും യുവജന സംഘടനകളുടെ പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ആരുടെയൊക്കെ ;

(ഇ) സർക്കാർ നയത്തിന് വിപരീതമായി പെൻഷൻ പ്രായം വർദ്ധിപ്പിച്ച നടപടി പുനരവലോകനം ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിന് അനുകൂലമായും എതിരായുമുള്ള ആവശ്യങ്ങൾ സർക്കാരിനു ലഭിച്ചിട്ടുണ്ട്. സർക്കാർ തീരുമാനം എടുത്തിട്ടില്ല.

(ബി-ഇ) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly